പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8158 17-07-2014 -ൽ മറുപടിക്ക്

## ആലപ്പുഴ മെഡിക്കൽ കോളേജ് നഴ്സുമാരുടെ പ്രൊബേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ആലപ്പുഴ മെഡിക്കൽ കോളേജിൽ 2011-ൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് നൽകുവാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ; | എ) 2011-ൽ ജോലിയിൽ പ്രവേശിച്ച 9 സ്റ്റാഫ് നഴ്സുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാനുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| ബി) | പ്രസ്തുത ജീവനക്കാരുടെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, പി.എസ്.സി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ബന്ധപ്പെട്ടവരിൽ നിന്ന് ലഭ്യമാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | ബി) പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാകുന്നതിനു വേണ്ടി ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വിവിധ പോലീസ് മേധാവികൾക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷ അയച്ചുകൊടുത്തിട്ടുണ്ട്. അതിൽ 2 പേരുടെ വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി ജീവനക്കാരുടെ വെരിഫിക്കേഷൻ നടത്തുന്നതിനുള്ള ശുപാർശ ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ആലപ്പുഴ ജില്ലാ പി.എസ്.സി. ഓഫീസർക്ക് അയച്ചുവെങ്കിലും,നിലവിൽ ടി ജീവനക്കാരുടെ നിയമനാധികാരി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറായതിനാൽ പ്രസ്തുത ശുപാർശ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം അയയ്ക്കാൻ പി.എസ്.സി. ആവശ്യപ്പെട്ടു. ആയത് മെഡിക്കൽ |

| | | |
|---|---|---|
| | | വിദ്യാഭ്യാസ ഡയറക്ടർ പി.എസ്.സി ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | ഈ വിഭാഗം ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | സി) ടി ജീവനക്കാരുടെ നിയമനം ക്രമീകരിച്ച് പി.എസ്.സി. ഉത്തരവാകുന്ന മുറയ്ക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**